(എ) സ്വകാര്യ ട്രാവൽ ഏജൻസികളുമായി സർക്കാരിന് നേരിട്ട് ബന്ധമില്ലാത്തതിനാൽ ഈ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 1998-ൽ കർണ്ണാടക, തമിഴ്നാട് സർക്കാരുകളുമായി ഏർപ്പെട്ട കരാർ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്. നിലവിലുള്ള കരാറിന്റെ കാലാവധി അവസാനിച്ചതിന് ശേഷം പുതിയ കരാർ സംബന്ധിച്ച ചർച്ച ആരംഭിക്കുമ്പോൾ മാത്രമേ ഇത്തരം ഒരു പദ്ധതിയെപ്പറ്റി ആലോചിക്കുവാൻ കഴിയുകയുള്ളു.

84 (1816) റാന്നി-തിരുവനന്തപുരം ബസ്സ് സർവ്വീസ്

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ നിന്ന് തിരുവനന്തപുരത്തേയ്ക്ക് രാവിലെ 5.30 നു പുറപ്പെടുന്ന സൂപ്പർ ഫാസ്റ്റ് ബസ്സ് ഈ വർഷം എത്ര ദിവസം സർവ്വീസ് നടത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത ബസ് സ്ഥിരമായി മുടങ്ങുന്നതു മൂലം ഔദ്യോഗിക കൃത്യ നിർവഹണം മുടങ്ങുന്നതിന് പരിഹാരം കാണണമെന്ന് അഭ്യർത്ഥിച്ച് റാന്നി എം.എൽ.എ. നൽകിയ പരാതി പ്രകാരം എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) ഈ ബസ്സ് സ്ഥിരമായി സർവീസ് നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ വർഷം ജനുവരി മുതൽ ജൂൺ വരെയുള്ള 181 ദിവസങ്ങളിൽ 141 ദിവസം സർവ്വീസ് നടത്തിയിട്ടുണ്ട്.

(ബി) സർവ്വീസ് മുടങ്ങുന്നത് ഒഴിവാക്കാൻ തിരുവനന്തപുരം സെൻട്രൽ ഡി.ടി.ഒ. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതക്കനുസരിച്ച് സ്ഥിരമായി സർവ്വീസ് നടത്തുന്നതാണ്.

85 (1817) പറവൂർ-ആലുവ റൂട്ടിലെ യാത്രാക്ലേശം

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ദേശവൽക്കൃത റൂട്ടുകളിൽ ഒന്നായ പറവൂർ റൂട്ടിലെ യാത്രാക്ലേശം സംബന്ധിച്ച പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പറവൂർ ഡിപ്പോയിലെ ദേശവൽക്കൃത റൂട്ടുകളായ പറവൂർ-ചാത്തനാട്, പറവൂർ-തത്തപ്പള്ളി റൂട്ടുകളിലെ ഗുരുതരമായ യാത്രാക്ലേശം പരിഹരിക്കുവാൻ ആവശ്യമായ സ്റ്റാഫിനേയും അത്യാവശ്യമായ ബസ്സും നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പറവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഇപ്പോൾ എത്ര സർവ്വീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സർവ്വീസുകൾ നടത്തുന്നതിന് എത്ര ബസ്സുകൾ വേണം. എത്ര ബസ്സുകൾ ഇപ്പോൾ ഉണ്ട്;

(ഇ) സ്റ്റാഫ് പൊസിഷൻ എത്രയെന്ന് വ്യക്തമാക്കുമോ; ഏതൊക്കെ തസ്തികയിൽ എത്ര ഒഴിവുകൾ വീതമുണ്ട്. ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്താണ്;

(എഫ്) എത്ര ഷെഡ്യൂളുകൾ-ട്രിപ്പുകൾ പ്രതിദിനം ക്യാൻസലേഷൻ നടക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആലുവാ-പറവൂർ റൂട്ടിലെ യാത്രാക്ലേശം ലഘൂകരിക്കുന്നതിനായി അടുത്ത കാലത്ത് നാലു പുതിയ സർവ്വീസുകൾ ആരംഭിക്കുകയുണ്ടായി. ഇപ്പോൾ ആലുവ ഡിപ്പോയിൽ നിന്നും ഈ റൂട്ടിൽ 109 റൗണ്ട് ട്രിപ്പുകൾ ഓപ്പറേറ്റു ചെയ്യുന്നുണ്ട്. പറവൂർ ഡിപ്പോയിൽ നിന്ന് 74 റൗണ്ട് ട്രിപ്പുകളും മറ്റു സർവ്വീസുകളിൽ ഉൾപ്പെട്ട 83 ട്രിപ്പുകളും ഈ റൂട്ടിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(സി) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹനത്തിന്റെ ലഭ്യതയനുസരിച്ചേ കൂടുതൽ ബസ്സുകൾ നൽകുവാൻ കഴിയുകയുള്ളു.

(ഡി) 40 സർവീസുകൾ ഉണ്ട്. ഇത്രയും സർവ്വീസുകൾ നടത്താൻ 45 ബസ്സുകളാവശ്യമാണ്. ഇപ്പോൾ പറവൂർ ഡിപ്പോയിൽ 40 ബസ്സുകളാണ് നൽകിയിട്ടുള്ളത്.

(ഇ) നോർത്ത് പറവൂർ ഡിപ്പോയിൽ 107 ഡ്രൈവർമാരും 110 കണ്ടക്ടർമാരും 46 മെക്കാനിക്കൽ ജീവനക്കാരുമുണ്ട്. നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് 3 ഡ്രൈവർമാരുടെയും 6 മെക്കാനിക്കൽ ജീവനക്കാരുടേയും കുറവുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലിക നിയമനം നടത്തുവാൻ യൂണിറ്റാഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(എഫ്) പറവൂർ ഡിപ്പോയിൽ നിന്ന് ശരാശരി ഒരു ദിവസം 5 ഷെഡ്യൂളുകൾ റദ്ദാക്കപ്പെടുന്നുണ്ട്.

86 (1818) കണിയാപുരം ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് വഴി കണിയാപുരം ഡിപ്പോയിൽ നിന്ന് എത്ര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുവെന്നു പറയുമോ;

(ബി) ഇതിൽ പണയിൽക്കടവ് സർവ്വീസ് മേയ്, ജൂൺ മാസങ്ങളിൽ എത്ര ദിവസം ക്യാൻസൽ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒന്ന്.

LIBRARY ARCHIVES Kerala Legislative Assembly